10 (1742) പെൻഷൻ കമ്മ്യൂട്ടേഷൻ

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ നിന്നും പെൻഷൻ പറ്റിയവരെ പെൻഷന്റെ എത്രഭാഗം കമ്മ്യൂട്ട് ചെയ്യുവാനാണ് ഇപ്പോൾ അനുവദിക്കുന്നത്;

(ബി) പെൻഷൻ കമ്മ്യൂട്ട് ചെയ്യുമ്പോൾ കമ്മ്യൂട്ട് ചെയ്ത പെൻഷന്റെ തുകയ്ക്ക് അനുവദനീയമായ ഡി.ആർ. കൂടി കമ്മ്യൂട്ട് ചെയ്തതായി കണക്കാക്കുമോ; ഇല്ലാത്തപക്ഷം കമ്മ്യൂട്ട് ചെയ്ത പെൻഷൻ തുകയ്ക്ക് ഡി.ആർ. നൽകുമോ; എങ്കിൽ എന്തു വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണെന്ന് വിശദീകരിക്കുമോ;

(സി) ഗവൺമെന്റ് സർവ്വീസിൽ നിന്ന് പെൻഷൻ ആകുന്നതിനുള്ള കാലാവധി തീരുന്നതിന് മുൻപ് പെൻഷൻ വാങ്ങിക്കൊണ്ട് പൊതുമേഖലാ കേന്ദ്ര സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നവരുടെ മുഴുവൻ പെൻഷനും കമ്മ്യൂട്ട് ചെയ്യുവാൻ അനുവദിച്ചിട്ടുണ്ടോ;

(ഡി) ഇങ്ങനെയുള്ളവരുടെ ഡി.ആർ. കൂട്ടി കമ്മ്യൂട്ട് ചെയ്തതായി കണക്കാക്കുമോ; എങ്കിൽ എന്തു വ്യവസ്ഥയുടെ അടിസ്ഥാനത്തിലെന്ന് വിശദീകരിക്കുമോ;

(ഇ) മുഴുവൻ പെൻഷനും കമ്മ്യൂട്ട് ചെയ്തവർ അവർക്ക് ലഭിക്കുമായിരുന്ന പെൻഷന്റെ ഡി.ആർ.കൂട്ടി കമ്മ്യൂട്ട് ചെയ്തതായി കണക്കാക്കാത്ത പക്ഷം അവരുടെ പെൻഷന് ലഭ്യമാക്കാവുന്ന ഡി.ആർ. അനുവദിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) അടിസ്ഥാന പെൻഷന്റെ മൂന്നിൽ ഒന്ന് ഭാഗം

(ബി) ഇല്ല.

(സി) ഡി.ആർ. മൊത്തം അടിസ്ഥാന പെൻഷനാണ് അനുവദിക്കുന്നത്. 1978 ൽ ശമ്പള പരിഷ്ക്കരണശുപാർശയുടെ ഭാഗമായി നടപ്പാക്കിയ പെൻഷൻ പരിഷ്ക്കരണ ഉത്തരവനുസരിച്ച് ജി.ഒ. (പി)456/79(141) തീയതി 5.8.79 ജീവിത ചെലവിലുള്ള വർദ്ധനയിൽ നിന്നും സംരക്ഷണം നൽകാനുദ്ദേശിച്ചാണ് ഡി.ആർ. അനുവദിക്കുന്നത്. പെൻഷണർ ആഗ്രഹിക്കുന്നപക്ഷം പെൻഷന്റെ മൂന്നിൽ ഒന്നു ഭാഗത്തിൽകൂടാത്ത തുക ഒന്നിച്ചുനൽകുന്നതാണ് കമ്മ്യൂട്ടേഷൻ സംപ്രദായം.

(സി) ഇല്ല.

(ഡി) 'ബി' ഉപ ചോദ്യത്തിനുള്ള ഉത്തരം കാണുക.

(ഇ) പൊതു മേഖലാ സ്ഥാപനങ്ങളിലെയോ മറ്റ് സ്വയംഭരണസ്ഥാപനങ്ങളിലെയോ സർവ്വീസിലേയ്ക്ക് സ്ഥിരമായി മാറ്റപ്പെട്ട ഗവൺമെന്റ് ജീവനക്കാർക്കാണ് മുഴുവൻ പെൻഷനും കമ്മ്യൂട്ട് ചെയ്യാൻ അനുവദിക്കുന്നത്. അവരുടെ ഓപ്ഷൻ അനുസരിച്ചാണ് പെൻഷൻ തുക ഒന്നിച്ചായോ മാസാമാസ പെൻഷനായോ വാങ്ങാം. ഒന്നിച്ചു വാങ്ങാൻ തീരുമാനിക്കുന്നവർ 30.12.78 ലെ ജി.ഒ.(പി) 893/78/ധന. അനുസരിച്ച് സർക്കാരിലെ സേവനത്തിനുള്ള പെൻഷനുള്ള അർഹത ഉപേക്ഷിച്ചുകൊണ്ട് പ്രതിജ്ഞാ പത്രം നൽകണം. അത് ഒരു ഒറ്റയടവ് പദ്ധതിയാണ്. അതിനാൽ പിന്നിട്ടുള്ള വർദ്ധനക്കർഹതയില്ല.

LIBRARY ARCHIVES Kerala Legislative Assembly